നമ്പർ **A1--13148/2024**

ജില്ലാ കോടതി, തലശ്ശേരി,
തീയതി **27/07/2024,**
ഫോൺ **0490-2341008,**
ഇ-മെയിൽ **: dctly@kerala.gov.in.**

DISTRICT AND SESSIONS COURT
THALASSERY - 670 101

## നോട്ടീസ്

കണ്ണൂർ, തളിപ്പറമ്പ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികളിൽ ഒഴിവ് വരുന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു

**വകുപ്പ് : സിവിൽ ജുഡീഷ്യറി**

| ക്രമ നമ്പർ | തസ്തിക | വേതനം | പ്രതീക്ഷിക്കുന്ന ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 22290 രൂപ (കൺസോളിഡേറ്റഡ് പേ ) | 2 |

**യോഗ്യത :-**

1. അപേക്ഷകർ കോടതികളിൽ നിന്നോ, കോടതിയോട് സമാനതയുള്ള വകുപ്പുകളിൽ നിന്നോ അല്ലെങ്കിൽ മറ്റു സർക്കാർ വകുപ്പുകളിൽ നിന്നോ വിരമിച്ചവർ ആയിരിക്കണം.
2. അപേക്ഷകർക്ക് 62 വയസ്സ് പൂർത്തിയാവാൻ പാടുള്ളതല്ല.
3. കോടതികളിൽ നിന്ന് വിരമിച്ചവർക്ക് മുൻഗണന ഉണ്ടായിരിക്കും.

നിയമനം തുടർച്ചയായ 179 ദിവസത്തേക്കോ അല്ലെങ്കിൽ നിയമിക്കപ്പെടുന്ന വ്യക്തിക്ക് 62 വയസ്സ് പൂർത്തിയാകുന്നത് വരെയോ, ഇവയിൽ ഏതാണ് ആദ്യം വരിക, അതുവരെ ആയിരിക്കും. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയുടെയും യോഗ്യതകളുടെയും കൂടികാഴ്ചയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പട്ടികയിൽ നിന്ന് മുൻഗണന ക്രമത്തിൽ ആയിരിക്കും നിയമനം. യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ പൂർണമായ ബയോ ഡാറ്റയും ( മൊബൈൽ നമ്പർ ഉൾപ്പടെ ) ആധാർ കാർഡിന്റെ പകർപ്പ്, പെൻഷൻ രേഖകളുടെ പകർപ്പുകൾ, വയസ്സ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം **ജില്ലാ ജഡ്ജ്, ജില്ലാ കോടതി, തലശ്ശേരി -670101** എന്ന വിലാസത്തിൽ **14/08/2024** ന വൈകുന്നേരം 5 മണിക്ക് മുൻപായി ലഭിക്കുന്ന വിധം നേരിട്ടോ തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**ജില്ലാ ജഡ്ജ്**

Copy to

1. സംസ്ഥാനത്തെ എല്ലാ ജില്ലാ ജഡ്ജിമാർക്കും
2. ജില്ലയിലെ എല്ലാ കോടതികളിലേക്കും
3. ജില്ലാ ഇൻഫർമേഷൻ ഓഫീസ് ( പ്രസിദ്ധീകരണത്തിന് )
4. കോടതി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. കരുതൽ ഫയൽ